**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2695** **28-02-2023 - ൽ മറുപടിയ്ക്ക്**

**കൊല്ലപ്പെട്ട ആദിവാസികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ആദിവാസികൾ കൊല്ലപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 8 പട്ടികവർഗ്ഗക്കാർ കൊല്ലപ്പെട്ടിട്ടുണ്ട്.** |
| (ബി) | കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **ധനസഹായത്തിന് അർഹതയുള്ള കേസുകളിൽ ധനസഹായം അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 8 ദാരുണ സംഭവങ്ങളിൽ 3 കൃത്യങ്ങൾ SC/ST Prevention of Atrocities Act ന്റെ പരിധിയിൽ വരുന്നതല്ല. ശേഷിക്കുന്ന 5 സംഭവങ്ങളിൽ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയും ആവശ്യമായ പ്രമാണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.** |
| (സി) | സാമ്പത്തിക സഹായം യഥാസമയം കൊടുക്കുന്നതിൽ ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ